# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 5362

23-05-2017- ൽ
മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വഖഫ് ബോർഡിന്റെ സഹായങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വഖഫ് ബോർഡിന്റെ എന്തെല്ലാം സഹായങ്ങളാണ് നിലവിൽ ഉള്ളത്; വിശദീകരിക്കാമോ; | (എ) | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സാമൂഹ്യ ക്ഷേമ (കേരള) പദ്ധതി പ്രകാരം വഖഫ് സ്ഥാപനങ്ങളിൽ 10 വർഷക്കാലം ജോലി ചെയ്തിട്ടുള്ള/ചെയ്ത വരുന്ന 60 വയസ്സ് പൂർത്തിയായ അറബി ഭാഷാ പണ്ഡിതൻ, ഇമാം/മദ്രസ്സ അദ്ധ്യാപകൻ, ഖാദിം(മുക്രി) എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രതിമാസ ധനസഹായവും ചികിത്സക്കുള്ള സാമ്പത്തിക സഹായവും നിലവിൽ നൽകിവരുന്നുണ്ട്. മാനസിക വളർച്ചയില്ലാത്ത 212 വ്യക്തികൾക്ക് പ്രതിമാസം 1000/- രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അനാഥാലയങ്ങളിൽ താമസിച്ച് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നവരുമായ സമർത്ഥരായ വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് വഖഫ് ബോർഡ് പലിശ രഹിത വിദ്യാഭ്യാസ വായ്പ നൽകിവരുന്നുണ്ട്. 2015-16 വർഷത്തിൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എ+ നേടിയ മുഴുവൻ മുസ്ലിം വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ക്യാഷ് അവാർഡ് നൽകിയിരുന്നു. 2016-17 വർഷത്തിൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ+ നേടിയ മുസ്ലിം വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനു വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ് സാമൂഹ്യ ക്ഷേമ (കേരള) പദ്ധതി പ്രകാരമുള്ള പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖ്ഫിൽ അംഗമാകണമെന്നും 50,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരായിരിക്കണമെന്നുമാണ് മാനദണ്ഡം. രണ്ടര ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവും മുൻ പരീക്ഷയിൽ 75% മാർക്കോ തത്തുല്യ ഗ്രേഡോ ലഭിക്കണമെന്നുള്ളതുമാണ് പലിശരഹിത വായ്പ നൽകുവാനുള്ള മാനദണ്ഡം. മേൽ പദ്ധതികളുടെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യത്തീംഖാനകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങുന്നതിനുള്ള ധനസഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ലോൺ സ്കോളർഷിപ്പ് – പൊതുനിർദ്ദേശങ്ങൾ

1. എം.ബി.ബി.എസ്, ബി.ടെക്, ബി.ടെക് ലാറ്ററൽ, ബി.ഡി.എസ്, ബി.വി.എസ്.സി, ബി.എച്ച്.എം.എസ്., ബി.എ.എം.എസ്, ബി.എസ്.സി. നഴ്സിങ് , ജനറൽ നഴ്സിങ് ബി. ഫാം, ഡി. ഫാം, ഫാം ഡി, എം.ബി.എ., എം.സി.എ., ഫാഷൻ ടെക്നോളജി(എൻ.ഐ.എഫ്.റ്റി.), ഡിഗ്രി ഇൻ ട്രാവൽ ആൻറ് ടൂറിസം, എം.എസ്.ഡബ്ളിയു., എൽ.എൽ.ബി., ബി.എസ്.സി.(സൈബർ ഫോറൻസിക്ക്), ബി.പി.റ്റി., ബി.എസ്.സി.( റേഡിയോളജി),ബി.യു.എം.എസ്(യുനാനി മെഡിസിൻ),ബി.എസ്.സി. എം.എൽ.റ്റി, എം.ഫാം എന്നീ കോഴ്സുകൾക്ക് ഒന്നാം വർഷം പഠിക്കുന്നവർക്ക് മാത്രമാണ് ലോൺ അനുവദിക്കുന്നത്. പ്ലസ് 2/12 ാം ക്ലാസ് പരീക്ഷയിൽ 75% മാർക്കോ അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡോ ലഭിച്ചിരിക്കേണ്ടതും കുടുംബ വാർഷിക വരുമാനം 250000/ രൂപയിൽ താഴെയായിരിക്കേണ്ടതുമാണ്.

2. ലോൺ സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവർ ബോർഡിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് 200 രൂപ മുദ്രപത്രത്തിൽ കരാർ തയ്യാറാക്കി ഒപ്പിടേണ്ടതും രണ്ടുപേർ ജാമ്യം നിൽക്കേണ്ടതുമാണ്. എഗ്രിമെന്റിലെ എല്ലാ പേജിലും വായ്പക്കാരനും ജാമ്യക്കാരനും ഒപ്പിടേണ്ടതാണ്.

3. ജാമ്യക്കാർ രണ്ടു പേരും സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സ്വയം ഭരണാധികാര സ്ഥാപനങ്ങൾ /സഹകരണ ബാങ്ക്/സൊസൈറ്റി എന്നിവയിൽ ജോലിയുള്ളവരോ അല്ലെങ്കിൽ ജാമ്യക്കാരിൽ ഒരാൾ മുകളിൽപ്പറഞ്ഞവരിൽപ്പെട്ടയാളും മറ്റൊരാൾ വായ്പക്കാരന്റെ പിതാവ്/മാതാവ്/സഹോദരൻ/സഹോദരി എന്നിവരിൽ വരുമാനമുള്ള ഏതെങ്കിലും വ്യക്തിയോ ആകാവുന്നതാണ്.

4. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ പ്രത്യേക ഫോറത്തിൽ ജാമ്യ ഉറപ്പ് നൽകേണ്ടതാണ്.

5. കരാർ കാലാവധിക്ക് ശേഷം രണ്ട് വർഷത്തിനകം റിട്ടയർ ചെയ്യുന്നവരുടെ ജാമ്യം സ്വീകരിക്കുന്നതല്ല.

6. എഗ്രിമെന്റിൽ സാക്ഷികളായി ഒപ്പിടേണ്ടത് ലോൺ എടുക്കുന്ന വ്യക്തിയുടെ മഹല്ല് ഭാരവാഹികളായിരിക്കണം. അവരുടെ പേരും ഔദ്യോഗിക പദവിയും വിലാസവും കൂടി വ്യക്തമായിരിക്കേണ്ടതാണ്.

7. പ്രതിമാസം 2500/ രൂപ പ്രകാരമായിരിക്കും വായ്പ നൽകുക.

8. കോഴ്സ് പൂർത്തിയാക്കി രണ്ട് വർഷത്തിനകം വായ്പതുക പലിശയില്ലാതെ തിരിച്ചടക്കേണ്ടതാണ്.

9. തിരിച്ചടവ് കാലാവധി കഴിഞ്ഞതിന് ശേഷം കുടിശിഖ വരുത്തിയാൽ 12% പിഴ ഈടാക്കുന്നതാണ്.

<u>പ്രതിമാസ ധനസഹായം നിർദ്ദേശങ്ങൾ</u>

വഖഫ് ബോർഡ് സാമൂഹ്യക്ഷേമ പദ്ധതിപ്രകാരമുള്ള പ്രതിമാസ ധനസഹായം ലഭിക്കുന്നതിന് നിശ്ചിത അപേക്ഷാ ഫോറവും അതിലുൾപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകളും ശരിയായ വിധത്തിൽ പൂരിപ്പിച്ച് യഥാസ്ഥാനങ്ങളിൽ അപേക്ഷകന്റെ ഒപ്പും അതാത് സ്ഥാപന മേധാവികളുടെ ഒപ്പും മുദ്രയും പതിച്ച് വഖഫ് ബോർഡ് രജിസ്ട്രേഷൻ നമ്പറും വഖഫ് സ്ഥാപനത്തിന്റെ വഖഫ് ബോർഡിലുള്ള പേരും നിലവിലുള്ള പേരും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ആ വിവരം വ്യക്തമാക്കിയും അപേക്ഷയിലും അപേക്ഷയോടൊപ്പമുള്ള റിക്കാർഡുകളിലും പേരിലോ വീട്ടുപേരിലോ വീട്ടുനമ്പറിലോ വിലാസത്തിലോ എന്തെങ്കിലും മാറ്റമോ ന്യൂനതകളോ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദീകരണവും തിരിച്ചറിയൽ കാർഡ്, റേഷൻകാർഡ് പേജ് 1,2 എന്നിവകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം കൺവീനർ, വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതി, വഖഫ് ബോർഡ് ഓഫീസ്, കലൂർ, കൊച്ചി-682017 എന്ന വിലാസത്തിൽ തപാൽ വഴി അയച്ചുതരികയോ നേരിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. 3.i(i) വകുപ്പിൽപെട്ട MFF,MFD,MFB തുടങ്ങിയ ദീനിബിരുദമുള്ള അപക്ഷകർ അവരുടെ ബിരുദ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും 3.i(ii) വകുപ്പിൽപെട്ട അപേക്ഷകർക്ക് ദീനി വിഷയങ്ങളിൽ മതിയായ പരിജ്ഞാനവും ഇമാം/മദ്രസ്സ അദ്ധ്യാപകൻ എന്ന നിലയിൽ സേവനം ചെയ്യുന്നതിനുള്ള പാണ്ഡിത്യവും യോഗ്യതയും ഉള്ളതാണെന്നും വ്യക്തമാക്കുന്ന MFF,MFD,MFB തുടങ്ങിയ ദീനി ബിരുദമുള്ള ഏതെങ്കിലും പണ്ഡിതന്റെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. 3.i(iii) വകുപ്പിൽപെട്ട അപേക്ഷകർ ഇപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല. അപേക്ഷകർ വിവിധ വകുപ്പുകളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിലും അപേക്ഷ 3.i(i) ,3.i(ii) ,3.i(iii) എന്നീ ഏതെങ്കിലും ഒരു വിഭാഗത്തിൽ മാത്രം ഉൾപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റുകൾ അപ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുള്ളവരും 10 വർഷക്കാല സേവനമില്ലാത്തവരും 60 വയസ്സിന് താഴെ പ്രായമുള്ളവരും വാർഷികവരുമാനം 50,000 രൂപയിൽ അധികമുള്ളവരും നിലവിൽ വഖഫ് ബോർഡിൽ നിന്നോ സർക്കാരിൽനിന്നോ ഇതേ ഇനം സഹായം ലഭിച്ചുവരുന്നവരും ഈ സഹായത്തിന് അർഹരല്ല.

ജോലിസ്ഥാപനം പ്രത്യേകം രജിസ്ട്രേഷനില്ലാതെ വഖഫ് ബോർഡ് രജിസ്ട്രേഷനുള്ള മറ്റേതെങ്കിലും സ്ഥാപനത്തിന്റെ മേൽനോട്ടത്തിലോ കീഴിലോ പ്രവർത്തിക്കുന്നതാണെങ്കിൽ സർവ്വീസ് സർട്ടിഫിക്കറ്റ് രജിസ്ട്രേഷനുള്ള സ്ഥാപനത്തിൽ നിന്നുള്ളത് തന്നെയായിരിക്കേണ്ടതും രണ്ട് സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കിയിരിക്കേണ്ടതുമാണ്. അവ്യക്തവും അപൂർണ്ണവും വെട്ടിത്തിരുത്തുള്ളതും മതിയായ രേഖകളില്ലാത്തതോ ഒപ്പ്/വിരലടയാളം പതിച്ചിട്ടില്ലാത്തതോ സർട്ടിഫിക്കറ്റുകളിൽ സ്ഥാപന മേധാവിയുടെ ഒപ്പ് പതിക്കാത്തതും ശരിയായ വഖഫ് ബോർഡ് രജിസ്ട്രേഷൻ നമ്പർ വ്യക്തമാക്കാത്തതുമായ അപേക്ഷകൾ മറ്റൊരറിയിപ്പില്ലാതെ നിരസിക്കുന്നതാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ ഫോട്ടോകോപ്പി സ്വീകരിക്കുന്നതല്ല. ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ ജോലിചെയ്തിട്ടുള്ളവരുടെ 10 വർഷക്കാല സേവനത്തിന് 6 മാസത്തിൽ കൂടുതൽ കാലം ഇടവേളയുണ്ടെങ്കിൽ തൊട്ടുമുമ്പുള്ള സർട്ടിഫിക്കറ്റ് അസാധുവാകുന്നതും തുടർന്നുള്ള സർട്ടിഫിക്കറ്റുകൾ പ്രകാരം 10 വർഷക്കാല സേവനം ഉണ്ടായിരിക്കേണ്ടതുമാണ്. 6 മാസത്തിൽ കൂടാത്ത ഇടവേള പ്രകാരം ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിലായിട്ടാണ് 10 വർഷക്കാല സേവനമെങ്കിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. ആയതിലേക്ക് സർവീസ് സർട്ടിഫിക്കറ്റിന്റെ ഫോട്ടോകോപ്പി എടുത്ത് ക്രമനമ്പർ കൃത്യപ്പെടുത്തി ഉപയോഗിക്കേണ്ടതാണ്. ടി സ്ഥാപനങ്ങൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് തന്നെ ആയിരിക്കേണ്ടതുമാണ്.

## പൊതുനിർദ്ദേശങ്ങൾ

1. രക്ഷാകർത്താവ് തന്നെയാണ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. 50,000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.
3. അപേക്ഷകന് /രക്ഷാകർത്താവിന് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും മഹല്ലിൽ അംഗത്വമുള്ളവരായിരിക്കേണ്ടതും ആയത് മഹല്ല് അധികാരി സർട്ടിഫൈ ചെയ്യേണ്ടതുമാണ്. ജുമാമസ്ജിദ് മഹല്ലിന്റെ വഖഫ് ബോർഡിലുള്ള പേരും നിലവിലുള്ള പേരും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ആ വിവരം പ്രത്യേകം സാക്ഷ്യപ്പെടുത്തേണ്ടതാണ്.
4. ഡോക്ടറുടെ സർട്ടിഫിക്കറ്റിൽ എത്ര ശതമാനം മാനസികവൈകല്യമുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്
5. രക്ഷാകർത്താവിന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് (ജോയിന്റ് അക്കൗണ്ട് സ്വീകാര്യമല്ല) ഉണ്ടായിരിക്കേണ്ടതും ബാങ്ക് പാസ്സ്ബുക്കിന്റെയും ആധാർ/ഐഡന്റിറ്റി കാർഡിന്റെയും പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.
6. ഗുണഭോക്താവിന്റെ ആധാർ/ഐഡന്റിറ്റി കാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
7. മേൽവിലാസത്തിലുള്ള മാറ്റം അതാതു സമയങ്ങളിൽ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്. (**അപേക്ഷയിലും അനുബന്ധരേഖകളിലും പേര്, വീട്ട്പേര്, വീട്ട്നമ്പർ ഇവയിൽ വ്യത്യസമുണ്ടെങ്കിൽ വിശദീകരണം/വില്ലേജാഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.**)
8. അപേക്ഷ ഫോമുകൾ വഖഫ്ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. (Website: www.keralastatewakfboard.in) Ph:0484-2342485, 0484-2346091
   Email : ceokl@wakf.gov.in

വ്യക്തമായും പൂർണ്ണമായും പൂരിപ്പിച്ചതും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്തിയിട്ടുള്ളതുമായവ മാത്രമേ പരിഗണിക്കുകയുള്ളൂ. അപൂർണ്ണവും അവ്യക്തവും സർട്ടിഫിക്കറ്റുകൾ ഇല്ലാത്തുമായ അപേക്ഷകൾ പ്രഥമഘട്ടത്തിൽ തന്നെ തള്ളിക്കളയുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

1. നിക്കാഹ് കഴിഞ്ഞ് ഒരുമാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. 50,000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.
3. കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത ഏതെങ്കിലും മഹല്ലിൽ അംഗത്വമുള്ളവരായിരിക്കണം അപേക്ഷകൻ.
   a. അംഗത്വ സർട്ടിഫിക്കറ്റ് ജുമാ മസ്ജിദ് മഹല്ലിൽ നിന്നുള്ളതും അതേ പേരിൽ തന്നെ മുദ്ര പതിച്ചതുമായിരിക്കണം.
   b. ജുമാ മസ്ജിദ് മഹല്ലിന്റെ വഖഫ് ബോർഡിലുള്ള പേരും നിലവിലുള്ള പേരും തമ്മിൽ ഏതെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ആ വിവരം പ്രത്യേകം സാക്ഷ്യപ്പെടുത്തേണ്ടതാണ്.
   c. മദ്രസ്സ, സംഘം, സഭ, ഖാസി എന്നിവയിൽ നിന്നുള്ളതോ വ്യത്യസ്തമായ മുദ്ര പതിച്ചതോ ആയ അംഗത്വ സർട്ടിഫിക്കറ്റ് സ്വീകാര്യമല്ലാത്തതാണ്.
4. പിതാവ്/മാതാവ് ജീവിച്ചിരിപ്പില്ലാത്ത പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സത്യവാങ്മൂലം രക്ഷാകർത്താവ്/വിവാഹിതയാകുന്ന പെൺകുട്ടി സമർപ്പിക്കേണ്ടതാണ്.
5. പിതാവ്/മാതാവ്/രക്ഷാകർത്താവിന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് (ജോയിന്റ് അക്കൗണ്ട് സ്വീകാര്യമല്ല) ഉണ്ടായിരിക്കേണ്ടതും ബാങ്ക് പാസ്സ്ബുക്കിന്റെയും ആധാർ/ഐഡന്റിറ്റി കാർഡിന്റെയും പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.
6. മേൽവിലാസത്തിലുള്ള മാറ്റം അതാതു സമയങ്ങളിൽ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്. (<u>അപേക്ഷയിലും അനുബന്ധരേഖകളിലും പേര്, വീട്ടുപേര്, വീട്ടുനമ്പർ ഇവയിൽ വ്യത്യാസമുണ്ടെങ്കിൽ വിശദീകരണം/വില്ലേജാഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്</u>.)
7. അപേക്ഷ ഫോമുകൾ വഖഫ്ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.
   (Website: www.keralastatewakfboard.in) Ph:0484-2342485, 0484-2346091
   Email : ceokl@wakf.gov.in

**അപൂർണ്ണവും അവ്യക്തവും സർട്ടിഫിക്കറ്റുകൾ ഇല്ലാത്തുമായ അപേക്ഷകൾ പ്രഥമഘട്ടത്തിൽ തന്നെ തള്ളുന്നതാണ്.**

## വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതി

## ചികിത്സ സഹായം

## അപേക്ഷ സമർപ്പിക്കേണ്ടത്

1. രോഗി തന്നെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 18 വയസ്സിനു താഴെയുള്ളവർക്ക് രക്ഷാകർത്താവിന് അപേക്ഷിക്കാം.
2. മേൽവിലാസത്തിലുള്ള മാറ്റം അതാതു സമയങ്ങളിൽ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്. (അപേക്ഷയിലും അനുബന്ധരേഖകളിലും പേര്, വീട്ടുപേര്, വീട്ടുനമ്പർ ഇവയിൽ വ്യത്യസമുണ്ടെങ്കിൽ വിശദീകരണം/വില്ലേജാഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.)
3. ക്യാൻസർ, ബൈപാസ് സർജറി, ആഞ്ജിയോ പ്ലാസ്റ്റി, കിഡ്നി മാറ്റി വയ്ക്കൽ, ഡയാലിസിസ്, മേജർ ഓപ്പറേഷൻ എന്നിവയ്ക്കാണ് സഹായം അനുവദിക്കുന്നത്.
4. അപേക്ഷയിൽ നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് രോഗി ഒപ്പ് വയ്ക്കേണ്ടതാണ്.
5. അപേക്ഷകൻ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും മഹല്ലിൽ അംഗമായിരിക്കേണ്ടതും ആയത് മഹല്ല് അധികാരി സർട്ടിഫൈ ചെയ്യേണ്ടതുമാണ്. ജുമാ മസ്ജിദ് മഹല്ലിന്റെ വഖ്ഫ് ബോർഡിലുള്ള പേരും നിലവിലുള്ള പേരും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ആ വിവരം പ്രത്യേകം സാക്ഷ്യപ്പെടുത്തേണ്ടതാണ്.
6. ചികിൽസിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും, ടി സർട്ടിഫിക്കറ്റിൽ രോഗം എന്താണെന്ന് മനസ്സിലാകത്തക്ക വിധത്തിൽ ഡോക്ടർ തന്നെ വ്യക്തമാക്കി എഴുതി സർട്ടിഫൈ ചെയ്യേണ്ടതും ഓപ്പറേഷന് / ചികിൽസയ്ക്ക് വേണ്ടി വന്നേക്കാവുന്ന സംഖ്യ, ചികിൽസാ കാലാവധി, എന്നിവ സംബന്ധിച്ച വിവരം രേഖപ്പെടുത്തേണ്ടതുമാണ്.
7. ഓരോ അസുഖത്തിനും അതാത് ചികിൽസയുമായി ബന്ധപ്പെട്ട മേഖലയിൽ പ്രാഗത്ഭ്യമുള്ള ഡോക്ടർമാരിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
8. ഡയാലിസിസ് / സർജറി / ആഞ്ജിയോ പ്ലാസ്റ്റി എന്നിവയ്ക്ക് സർജറിക്ക് മുമ്പ് /സർജറി കഴിഞ്ഞ് 6 മാസത്തിനകം അപേക്ഷ സമർപ്പിക്കേ ണ്ടതാണ്. മേജർ സർജറിയാണെങ്കിൽ ആയത് ബന്ധപ്പെട്ട ഡോക്ടർ പ്രത്യേകം സാക്ഷ്യപ്പെടുത്തേണ്ടതാണ്.
9. 50,000/- രൂപ വരെ വരുമാനം കാണിക്കുന്ന സർട്ടിഫിക്കറ്റ് വില്ലേജ് ആഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.
10. രോഗിയുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് (ജോയിന്റ് അക്കൗണ്ട് സ്വീകാര്യമല്ല) ഉണ്ടായിരിക്കേണ്ടതും ബാങ്ക് പാസ്സ്ബുക്കിന്റെയും ആധാർ/ഐഡന്റിറ്റി കാർഡിന്റെയും പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.
11. അപേക്ഷ ഫോമുകൾ വഖഫ്ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.(Website: www.keralastatewakfboard.in) Ph:0484-2342485, 0484-2346091
Email : ceokl@wakf.gov.in
12. വ്യക്തമായും പൂർണ്ണമായും പൂരിപ്പിച്ചതും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്തിയിട്ടുള്ളതുമായവ മാത്രമേ പരിഗണിക്കുകയുള്ളു. അപൂർണ്ണവും അവ്യക്തവും സർട്ടിഫിക്കറ്റുകൾ ഇല്ലാത്തതുമായ അപേക്ഷകൾ പ്രഥമ ഘട്ടത്തിൽ തന്നെ തള്ളുന്നതാണ്.

###

Sd/-
സെക്ഷൻ ഓഫീസർ